II ഇ.ബി. XIII- കേരള നിയമസഭ/XI-10

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂൺ 20, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

31(* 271) <u>കടബാദ്ധ്യതമൂലമുള്ള കർഷക ആത്മഹത്യ</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) നൽകിയ മറുപടിയിൽ, മുൻ കാർഷികോല്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കേരള കാർഷിക സർവ്വകലാശാല, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽനിന്നുള്ളവർ അംഗങ്ങളായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർഷക ആത്മഹത്യകൾ തടയുന്നതിന് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കർഷക ആത്മഹത്യകൾ തടയുന്നതിന് പഞ്ചായത്ത്തലത്തിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കാർഷിക കടാശ്വാസ നിയമ പ്രകാരം വയനാട് ജില്ലയ്ക്ക് പ്രത്യേക പരിഗണന കൊടുക്കുന്നതും ആറ് മാസംവരെ ജപ്തി നടപടികൾ സ്റ്റേ ചെയ്യുന്നതും കാർഷിക കടങ്ങൾ എഴുതിത്തള്ളാനുള്ള തുടർ നടപടികളുമായി മുന്നോട്ടു പോകുന്നതുമാണ്. ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും കുറഞ്ഞ പലിശ നിര

ക്കിൽ കർഷകർക്ക് സഹായം നൽകുന്ന കാര്യം ആലോചിക്കുന്നതാണ്. ബാങ്ക് ബാധ്യതകൾ തീർത്താലുടൻ കർഷകർ ഈടായി നൽകിയിട്ടുള്ള ഡോക്യുമെന്റുകൾ മടക്കി നൽകണമെന്ന് ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷക ദിനത്തിന് മുന്നോടിയായി നടപ്പാക്കാനുദ്ദേശിക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ ഇടിമിന്നൽ മൂലമുണ്ടാകുന്ന വിളനാശത്തിനും നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കേന്ദ്ര കൃഷിവകുപ്പുമന്ത്രിയുമായി ചർച്ച നടത്തി കർഷകർക്കും കാർഷിക മേഖലയ്ക്കും കൂടുതൽ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. പ്രിൻസിപ്പൽ കൃഷി ഓഫീസറിൽനിന്നും ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആത്മഹത്യ ചെയ്ത പൂവച്ചൽ കൃഷ്ണൻകുട്ടിയുടെ കുടുംബത്തിന് സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും റബ്ബർ കർഷകരെ സഹായിക്കാൻ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചുവരുന്നതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**32(*272) കേരള സർവ്വ വിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുവർണ്ണ ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സാംസ്കാരിക സ്ഥാപനങ്ങളെ സംബന്ധിച്ച ഒരു റഫറൻസ് ഗ്രന്ഥം പ്രസിദ്ധീകരിച്ചതായും ആഘോഷത്തിന്റെ ഉദ്ഘാടനം തിരുവനന്തപുരത്തും സമാപന സമ്മേളനം

തൃശ്ശൂരിൽവച്ചും നടത്തിയതായും സഭയെ അറിയിച്ചു. സർവ്വ വിജ്ഞാനകോശം വാല്യങ്ങൾ ലോകത്തെമ്പാടുമുള്ള മലയാളികൾക്കും പുതുതലമുറയ്ക്കും പ്രാപ്തമാക്കുന്നതിനുവേണ്ടി മുഴുവൻ വാല്യങ്ങളും ഡിജിറ്റൈസ് ചെയ്ത് വെബ്ബിൽ ലഭ്യമാക്കുന്ന പ്രക്രിയ നടന്നുവരുന്നു. ഇതിൽ 15 വാല്യങ്ങൾ പ്രസിദ്ധീകരിക്കുകയും 16-ാമത് വാല്യം 2014 നവംബറിലും ബാക്കി നാല് വാല്യങ്ങൾ 2020 -നകവും പ്രസിദ്ധീകരിക്കുന്നതാണ്. വിശ്വസാഹിത്യ വിജ്ഞാനകോശങ്ങളുടെ എട്ട് വാല്യങ്ങൾ പുറത്തിറക്കുകയും ശേഷിക്കുന്ന രണ്ട് വാല്യങ്ങൾ ഈ സാമ്പത്തിക വർഷം പ്രസിദ്ധീകരിക്കുന്നതുമാണ്. കേന്ദ്ര സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് ടെക്നോളജി വകുപ്പിന്റെ പൂർണ്ണ സാമ്പത്തിക സഹായത്തോടെ വിക്കിപീഡിയ മാതൃകയിൽ നോളജ് വെബ് റിപ്പോസിറ്ററി സെന്റർ (കേരള വെബ് റിപ്പോസിറ്ററി പൈലറ്റ് പ്രോജക്ട്) പ്രോജക്ട് അന്തിമ ഘട്ടത്തിലാണ്. പി.എസ്.സി.ക്ക് വിട്ടിട്ടുള്ള സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങളുടെ സ്പെഷ്യൽ റൂൾസിന് രൂപം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. സാംസ്കാരിക സ്ഥാപനങ്ങളിലെ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമെടുക്കുകയോ മാനദണ്ഡം നിശ്ചയിക്കുകയോ ചെയ്തിട്ടില്ലെങ്കിലും അതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്നതും ഈ സ്ഥാപനത്തിന്റെ പ്രസിദ്ധീകരണങ്ങൾ സമയബന്ധിതമായി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യാൻ നടപടി സ്വീകരിക്കുന്നതുമാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് പുറ

ത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾ എം.എൽ.എ.-മാർക്ക് സൗജന്യമായി ലഭ്യമാക്കുന്ന കാര്യം ആലോചിച്ച് തീരുമാനിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

33(*273) <u>പ്രധാനവിളകളുടെ ഉൽപ്പാദനത്തിൽ കുറവ്</u>

:

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുകൾ പ്രകാരം 2010-11 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നെല്ലിന്റെ ഉൽപ്പാദനക്ഷമതയിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കൃഷിയുടെ വിസ്തീർണ്ണത്തിൽ വന്ന കുറവ്, തൊഴിലാളികളുടെ ദൗർലഭ്യം, ഉൽപ്പാദനോപാധികളുടെ വിലയിൽ വന്ന വർദ്ധനവ്, പ്രതികൂല കാലാവസ്ഥ, രോഗകീടബാധ, ഉൽപ്പന്നത്തിന്റെ വിലയിടിവ് എന്നിവ മൂലം നെല്ലുൽപ്പാദനത്തിൽ കുറവുണ്ടായിട്ടുണ്ട്. വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കുമ്മായ പ്രയോഗത്തിലൂടെ മണ്ണിന്റെ അമ്ലത കുറയ്ക്കുന്നതിനുമായി 20 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയും ഉപകരണങ്ങളുടെ സഹായത്തോടെ കാലാവസ്ഥാ വ്യതിയാനം മുൻകൂട്ടി അറിഞ്ഞ് പ്രവർത്തിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കേരസമൃദ്ധി പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും 100 തെങ്ങിൻതൈകൾ വീതം ഈ മാസം വിതരണം ചെയ്യുന്നതാണ്. തരിശ് കിടക്കുന്ന പാടശേഖരങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതും കോലിയക്കോട് ഏലായിലെ നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അഗ്രോ സർവ്വീസ്

സെൻ്റർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനായി  സ്കൂൾ വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുകയും പ്രവർത്തനം പഞ്ചായത്ത് തലത്തിൽ വിലയിരുത്തു കയും ചെയ്യുന്നുണ്ട്. തിരൂർ വെറ്റിലക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സമ്മേളന കാലത്ത് തന്നെ യോഗം വിളിച്ച്  ആവശ്യമായ തീരുമാനങ്ങളെടു ക്കുന്നതാണെന്നും തലക്കളത്തൂർ-ചേളന്നൂർ പ്രോജക്ട് നടപ്പിലാക്കുന്നതിന് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ സൃഷ്ടിക്കുന്നതാണെന്നും പോളിഹൗ സുകൾ മുഖേന കുത്തക കമ്പനികളുടെ വിത്തുകൾ വിതരണം ചെയ്യുന്ന തായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**34(*274) <u>ഇന്ദിരാ ആവാസ് യോജന ഫണ്ട്</u>**

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകു പ്പുമന്ത്രി നൽകിയ മറുപടിയിൽ,_ഇന്ദിരാ ആവാസ് യോജന പ്രകാരമുള്ള വീടുകളിൽ പൊതുവിഭാഗം/പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾക്ക് നൽകിവന്നിരുന്ന തുക 15-09-2011 മുതൽ  2 ലക്ഷം രൂപയായും പട്ടിക വർഗ്ഗ വിഭാഗം ഗുണഭോക്താക്കൾക്ക് 2.50 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു നൽകുവാൻ സർക്കാർ തീരുമാനമെടുത്തതായി സഭയെ അറിയിച്ചു. 2010-11 സാമ്പത്തിക വർഷംവരെ സംസ്ഥാന സർക്കാർ പൊതുവിഭാഗം, പട്ടികജാതി വിഭാഗം, പട്ടികവർഗ്ഗ വിഭാഗം എന്നിവർക്ക് യഥാക്രമം 75,000 രൂപ, 1 ലക്ഷം രൂപ, 1.25 ലക്ഷം രൂപ എന്ന നിരക്കിലാണ് തുക നൽകി വന്നിരുന്നത്. കേന്ദ്ര

സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് തുകയായ 48,500 രൂപയ്ക്കുമേലുള്ള തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും വീതിച്ചുനൽകുവാൻ ഉത്തരവായിരുന്നതിൽ ത്രിതല പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക വിതരണം ചെയ്തിട്ടുണ്ട്. 2014-15–ൽ ഇത് 25:40:35 എന്ന അനുപാതത്തിൽ നൽകുവാനും ഉത്തരവായിട്ടുണ്ട്. ആവശ്യമായ തുക കണ്ടെത്തുവാൻ സാധിക്കാത്ത ബ്ലോക്ക് പഞ്ചായത്തുകളിൽ ത്രിതല സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വായ്പാ തുക ബ്ലോക്ക് പഞ്ചായത്തുകൾ 10 വാർഷിക ഗഡുക്കളായി അടയ്ക്കുവാനും പലിശ സംസ്ഥാന സർക്കാർ വഹിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. 2012-13–ൽ സംസ്ഥാന സർക്കാർ അധിക സഹായമായി നൽകേണ്ട 336.76 കോടി രൂപയിൽ 209.75 കോടി രൂപ ഇതിനകം നൽകുകയും ശേഷിക്കുന്ന തുകയിൽ 2013-14–ൽ നൽകുവാനുള്ള 228.69 കോടി രൂപ നൽകുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഐ.എ.വൈ. പദ്ധതി അനുസരിച്ച് ഇതുവരെ 54717 വീടുകൾക്ക് അനുമതി നൽകുകയും 43255 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും പദ്ധതിയുടെ കുടിശ്ശിക തീർക്കാൻ 100 കോടി രൂപ അധികമായി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2971 മുതൽ 3289 വരെയുള്ള ചോദ്യങ്ങളിൽ 71 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)